# ആരെയാണ് ആവശ്യം?

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

ആരെയാണ് ആവശ്യം അതിരാവിലെ?
ഏതുകർമ്മ പാരവശ്യം പുലർവേളയിൽ?
എന്തുധർമ്മ വശ്യസ്സമീക്ഷ ഈ വെളുപ്പിൽ?

കരിങ്കല്ലിനെ കണ്ണീരിറ്റിക്കുന്ന,
ഹൃത്തു മുറിച്ച് കണ്ണിൽക്കുത്തി-
ക്കരയിക്കുന്ന ആവിഷ്ക്കാരമോ?
കരൾ ദഹിക്കും ഊഷ്മകാര്യനീർ
കുമിൾവായുവിൽ അലിഞ്ഞളിയുന്ന
കാര്യഗ്രഹണ ബാഷ്പധാരയോ?

കഥയിലെ വേർപിരിയും നാൾവഴികൾ
സമാന്തര രേഖയെ ശൂന്യവാന പേടകത്തിൽ
വക്രസന്ധിയിൽ ബന്ധിക്കും കടിച്ചുപൊട്ടാത്ത
കടങ്കഥയിലെ കാണാച്ചരടു മുറിക്കും വിധിനിധിയോ?
യാഗാശ്വക്കുളമ്പടിക്കു ചെവി വട്ടമ്പിടിച്ചു ചുഴറ്റും
ബിംബിസാര ബസ്തഗളമറക്കും ബുധപ്രതിബിംബമോ?

നാടകഹോളിലെ പിൻനിര
സിനിമാക്കൊട്ടക മുൻനിര:
നിരയേതായാലും
എരിയും നെരിപ്പോടു-
കണൽക്കണക്കെ
നിരപ്പായ് ചിന്തിച്ച്
വളച്ചു വിന്യസിച്ച്
പുതുകുപ്പിയിലൊഴിക്കാൻ
പഴങ്കഞ്ഞി വീഞ്ഞിന്റെ
ഇരട്ടിമധുരത്തേനിറ്റും
നോമ്പുനോൽക്കും വർജ്ജ്യത്തിൽ
കാഷായക്കഷായക്കവിക്കാവിയോ?

തഴയുക, അറിയുക:
കുലവാഴ ഇച്ഛിക്കാത്ത
കൃത്രിമത്താങ്ങിന്റെ തണ്ടുബലം.
മുളയേണിയുടെ നൊമ്പരച്ചീന്തിനേക്കാൾ
ഏറെയിഷ്ടം നഷ്ടലാഭ വാഴക്കുല.
അറിഞ്ഞു തഴയുക,
തഴഞ്ഞറിയുക.

അരൂപി വിഴുങ്ങും
അവസാന അധികപ്രസംഗം:
തൊണ്ടയിൽ ഇരക്കുരുക്കിട്ട്
നിലയില്ലാ വള്ളത്തിലെ
വെള്ളത്തിൽ മീമ്പിടിക്കും
പിടിവള്ളിയില്ലാത്ത
ഞാണിൽ തൂങ്ങിയാട്ടം.
അവസാന ഭാഷണം
അവസാന വാക്കോ,
അന്ത്യാപേക്ഷയോ?

തിരിച്ചറിവിന്റെ ഇടവേള:
നഗരസീമയും ഗ്രാമച്ചന്തയും
തഴുകി ഒഴുകിയെത്തും
നവ ശുദ്ധവായുവിൻ വായ
പ്രാണവായുവിൻ ടേങ്കിൽ മുട്ടി
സ്വയംവര വില്ലുമുറിക്കാൻ
തലകുനിച്ചു കടാക്ഷിക്കും
പരിപാവന പരീക്ഷയിലെ
ബൃഹത്താം ബലപരീക്ഷണം
വീക്ഷിക്കും അർത്ഥസ്ഫുട
വാചസ്പതിയുടെ ബൃഹസ്പതി.

ആരെയാണ് ആവശ്യം അതിരാവിലെ?
ഏതുകർമ്മ പാരവശ്യം പുലർവേളയിൽ?
എന്തുധർമ്മ വശ്യസ്സമീക്ഷ ഈ വെളുപ്പിൽ?
*******************************************************************